പറഞ്ഞ മറെറാരു പോയിൻറ് ചില റോഡുകളുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി കൊടുക്കുന്നില്ലെന്നുള്ളതാണ്. അങ്ങനെ പ്രത്യേക സമുദായത്തിന്, മത പരിവർത്തനം ചെയ്ത ഹരിജനങ്ങൾക്ക് സൗകര്യ പ്രദമായ റോഡുകളുടെ ഭരണാനുമതി കൊടുക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ സ്പെസഫിക്കായി ചൂണ്ടിക്കാണിച്ചാൽ തീർച്ചയായിട്ടും ഗവൺമെൻറ് ആ കാര്യത്തിൽ നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: കഴിഞ്ഞ വർഷത്തിൽ തന്നെ ആർ. എൽ. ഇ. ജി. പി. പദ്ധതിയനുസരിച്ച് എടുത്തിട്ടുള്ള പണികൾ ഇനിയും നമുക്ക് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തിക വർഷത്തേക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന് അങ്ങ് നിർദ്ദേശം കൊടുത്തിരുന്നു. ആ ആക്ഷൻ പ്ലാൻ അനുസരിച്ച് ഈ കഴിഞ്ഞ ജൂൺ മാസത്തിൽ പ്രവർത്തികൾ തുടങ്ങത്തക്ക വിധത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡി. ആർ. ഡി. എ. കൾ അംഗീകരിച്ച പണികൾക്ക് ഗവൺമെൻറ് അനുവാദം ഈ അടുത്ത ദിവസങ്ങളിലാണ് വന്നത്. എങ്ങനെ ഈ മാർച്ചിനകത്ത് ഈ പണികൾ നടത്തിത്തീർക്കാൻ കഴിയും? ഇനിയും ബാക്ക് ലോഗ് ഉണ്ടാവുകയാണ്. അതുപോലെ തന്നെ ചെറിയ മാറ്റങ്ങൾ വരുത്തിക്കൊടുത്തിട്ടുള്ള പണികൾക്കും അങ്ങയുടെ വകുപ്പിൽനിന്നും ഡി. ആർ. ഡി. എ. യിൽ നിന്നും ഭരണാനുമതി ലഭിക്കാതെയും ഇരിക്കുന്നുണ്ട്. ആ കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തീർച്ചയായിട്ടും അങ്ങനെ എന്തെങ്കിലും സ്പെസഫിക്കായിട്ട് ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ടൗൺഷിപ്പുകളിലേയും 6,000-ത്തോളം മുനിസിപ്പൽ കണ്ടിൻജൻസി ജീവനക്കാർ 27-ാം തീയതി മുതൽ പണിമുടക്കിലാണ്. മുനിസിപ്പൽ കണ്ടിൻജൻസി ജീവനക്കാരുടെ സേവന—വേതന വ്യവസ്ഥകൾ തീരുമാനിച്ച് ശുപാർശ ചെയ്യുന്നതിന് ഗവൺമെൻറ് ഒരു വേജ് ബോർഡ് രൂപീകരിച്ചിരുന്നു. സ്റ്റാറ്റ്യൂട്ടറി ബോർഡാണ് വേജ് ബോർഡ്. ലോക്കൽ അഡ്മിനിസ്ട്രേഷൻ കമ്മീഷണറും സെക്രട്ടറിയും അതിന്റെ ചെയർമാനാണ്. മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ അതിലെ അംഗമാണ്. ലോക്കൽ ഫണ്ട് ആഡിറ്റർ എക്സാമിനറും ഫിനാൻസ് സെക്രട്ടറിയും അതിലെ അംഗങ്ങളാണ്. തൊഴിലാളി പ്രതിനിധികൾ അടങ്ങുന്നതാണ് ഈ വേജ് ബോർഡ്. ഇത് മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ലോക്കൽ അഡ്മിനിസ്ട്രേഷൻ കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു വേജ് ബോർഡ് ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഇതിനുമുൻപും വേജ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡുകളും ഉണ്ടായിരുന്നു. ഇത് മൂന്നാമത്തെ വേജ് ബോർഡാണ്. ഇതിനുമുൻപ് സേവന—വേതന വ്യവസ്ഥകളും നിശ്ചയിക്കുന്നതിന് കമ്മിറ്റികളുണ്ടായിരുന്നു. നിഷ്പക്ഷന്മാരായിട്ടുള്ള ചെയർമാൻമാർ അടങ്ങുന്ന കമ്മിറ്റികളും ബോർഡുമാണ് ഉണ്ടായിരുന്നത്. ഗവൺമെൻറ് സെക്രട്ടറിയും ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ചെയർമാനും ഫിനാൻസ് സെക്രട്ടറി അംഗം ലോക്കൽ ഫണ്ട് ആഡിറ്റ് എക്സാമിനറും മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറും അംഗങ്ങളായുള്ള പൂർണ്ണമായും ഔദ്യോഗികമായിട്ടുള്ള ബോർഡ് ഐകകണ്ഠ്യേന ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇതിന് 3 വർഷക്കാലമെടുത്തു. അതിനെപ്പറ്റി ഈ സഭയിൽത്തന്നെ പരാതി വന്നിട്ടുണ്ട്. ഇതിനുമുൻപുള്ള എല്ലാ ഗവൺമെൻറുകളും ഈ മുനിസിപ്പൽ തൊഴിലാളികളുടെ സേവന—വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മിറ്റികളോ വേജ് ബോർഡുകളോ നൽകിയിട്ടുള്ള ശുപാർശകൾ 'എ' മുതൽ 'ഇസഡ്' വരെ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ ഗവൺമെൻറ് ഈ റിപ്പോർട്ട് നടപ്പാക്കുന്നില്ല. ഈ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. നോട്ടീസ് കിട്ടിയതിനുശേഷം ഗവൺമെൻറ് ആദ്യം ഒരു കോൺഫറൻസ് വച്ചു. ആ കോൺഫറൻസിൽ വിവരങ്ങൾ അറിയുക മാത്രമാണ് ചെയ്തത്. എന്നിട്ട് ആലോചിച്ച് പറയാമെന്നു പറഞ്ഞു. ഈ 27-ാം തീയതി ഒരു കോൺഫറൻസ് വച്ചു. ഒന്നും നടന്നില്ല. ഇവിടത്തെ പ്രശ്നം വേജ് ബോർഡ് ശുപാർശകൾക്ക് ഭേദഗതികൾ വരുത്തുക എന്നുള്ളതല്ല. വേജ് ബോർഡ് ശുപാർശകൾ നടപ്പിലാക്കുക എന്നുള്ളതാണ്. ഇത് വിലപേശാനുള്ള ഒരു അടിസ്ഥാനമായി അംഗീകരിക്കണം തൊഴിലാളികൾ തയ്യാറല്ല. ആറായിരത്തിൽപ്പരം മുനിസിപ്പൽ തൊഴിലാളികൾ പണിമുടക്കിലാണ്. ഇന്ന് പ്രശ്നമുണ്ട്. സാധാരണഗതിയിൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്നുള്ള നിലയ്ക്ക് പണിമുടക്കിനു 15 ദിവസത്തെ നോട്ടീസ് കൊടുക്കേണ്ടതാണ്. 40 ദിവസം കഴിഞ്ഞാണ് തൊഴിലാളികൾ പണിമുടക്ക് തുടങ്ങിയത്. ഗവൺമെൻറ് വ്യക്തമായ ഒരു ഉറപ്പ് അന്ന് നൽകിയിരുന്നുവെങ്കിൽ, വേജ് ബോർഡ് ശുപാർശകൾ നടപ്പാക്കാൻ തയ്യാറായിരുന്നുവെങ്കിൽ പണിമുടക്ക് ഉണ്ടാകുമായിരുന്നില്ല. എന്നാൽ അങ്ങനെ വ്യക്തമായ ഒരു ഉറപ്പ് ഗവൺമെൻറിൽനിന്ന് കിട്ടിയില്ലെന്നു മാത്രമല്ല, വേജ് ബോർഡിൻെറ ഐകകണ്ഠ്യേനയുള്ള ശുപാർശകൾ ബാർഗെയിനിങ്ങിനുള്ള ഒരു അടിസ്ഥാനമായി ഗവൺമെൻറ് അംഗീകരിക്കുന്നു എന്നുള്ളതുകൊണ്ടാണ് പണിമുടക്കുണ്ടായത്. ഇപ്പോഴും വീണ്ടും ഒരു ആലോചന വച്ചിരിക്കുന്നു. ഈ നാട്ടിൽ പട്ടണപ്രദേശങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം നമുക്കെല്ലാവർക്കും അറിയാം. പത്രപംക്തികളിൽ വരുന്നു. ജനങ്ങൾക്ക് വളരെ ദുസ്സഹമായ സാഹചര്യമാണുള്ളത്. വളരെ പരിഗണന അർഹിക്കുന്ന, പാവങ്ങളിൽ പാവങ്ങളായ, വളരെ മോശപ്പെട്ട ജോലി ചെയ്യുന്ന ഇവരുടെ അവകാശങ്ങളുടെ പുറത്ത് വിലപേശലിൻെറ ആവശ്യമുണ്ടോ? ഗവൺമെൻറ് അനുനിഗ്രഹബുദ്ധമായി ഒരു കാര്യം പറഞ്ഞാൽ പണിമുടക്ക് അവസാനിപ്പിക്കാൻ സാധിക്കും. വേജ് ബോർഡ് ശുപാർശകൾ മുൻ ഗവൺമെൻറുകൾ ചെയ്തതുപോലെ നടപ്പാക്കുമെന്ന് ഒരു ഉറപ്പ്, അത് ഭേദഗതിയില്ലാതെ വിലപേശലിനുള്ള അടിസ്ഥാനമല്ലാതാക്കുമെന്ന് ഉറപ്പ് നൽകിയാൽ പണിമുടക്ക് പിൻവലിക്കും. അങ്ങനെ ഗവൺമെൻറ് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): കഴിഞ്ഞ മാസം 27–ാം തീയതിയിലെ കോൺഫറൻസിൽ ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഇല്ലാതിരുന്നതുകൊണ്ട് ചില കാര്യങ്ങളെപ്പറ്റി അദ്ദേഹത്തിന് നേരിട്ടുള്ള അറിവില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്. വേജ് ബോർഡ് റെക്കമെന്റേഷനിൽ ചില അപാകതകളും കടന്നു കൂടിയിട്ടുണ്ട്. ആ അപാകതകളും ഒഴിവാക്കിനോക്കുന്ന പക്ഷം കണ്ടിൻജൻസി ജീവനക്കാർക്ക് വളരെ കുറവാണ്. ആ വേജ് ബോർഡിലെ ശുപാർശകളെക്കാൾ മെച്ചപ്പെട്ട ഒരു സ്കെയിൽ അവർക്ക് കൊടുക്കാമെന്ന് പറഞ്ഞിട്ട് അതു വേണ്ടെന്ന് പറയുന്ന ഒരു കാലഘട്ടം എത്രയോ അത്ഭുതകരമാണ്. അവർക്ക് ഗവൺമെന്റ് സ്കെയിൽ അല്ലെങ്കിൽ, പാരിതോഷികം കൊടുക്കാൻ തയ്യാറാണ്. ഗവൺമെന്റ് സ്കെയിലാണ് വേജ് ബോർഡ് ശുപാർശയെക്കാൾ നല്ലതെന്ന് ഞാൻ കഴിഞ്ഞ മാസം 27–ാം തീയതിയിലെ കോൺഫറൻസിൽ പറയുകയുണ്ടായി. ഇതിൽ ഏതാണ് വേണ്ടതെന്ന്? അപാകതകളും പരിഹരിച്ചുകൊണ്ടുള്ള വേജ് ബോർഡ് ശുപാർശ വേണമോ, ഗവൺമെന്റ് സ്കെയിൽ വേണമോ? ഇതിൽ ഏത് വേണമെന്ന് നിങ്ങളും നിശ്ചയിച്ചു കൊള്ളുവെന്ന് പറഞ്ഞാണ് കോൺഫറൻസ് പിരിഞ്ഞിരിക്കുകയാണ്. 7–ാം തീയതി വീണ്ടും ഒരു ചർച്ച വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് ഏതു വേണമെങ്കിലും ഓപ്ഷനെടുക്കാം. ഗവൺമെന്റ് മെച്ചപ്പെട്ട സ്കെയിൽ കൊടുക്കാൻ തയ്യാറാണ്.

(2) കൊച്ചി നഗരത്തിലെ ശുദ്ധജല ക്ഷാമം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ ചെല്ലാനം പഞ്ചായത്തിലും, കുമ്പളങ്ങി പഞ്ചായത്തിലും, കുമ്പളം പഞ്ചായത്തിലും, മരടു പഞ്ചായത്തു പ്രദേശത്തും ശുദ്ധജല ക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. ചെല്ലാനം പഞ്ചായത്തിന്റെ തെക്കുഭാഗത്ത് ശുദ്ധജലം പൈപ്പിലൂടെ എത്തുന്നില്ല. ചേപ്പാനം, ചാത്തുമ്മ തുടങ്ങിയവ ഹരിജൻ മേഖലകളാണ്. അവിടെ തീരെ വെള്ളം കിട്ടുന്നില്ല. ഇടക്കൊച്ചിയിലും വെള്ളം കിട്ടുന്നില്ല. ഉള്ള പൈപ്പിൽ പ്രഷർ പോരാത്തതുകൊണ്ട് പൈപ്പുകളുടെ അറ്റം എത്തുമ്പോൾ വെള്ളം തീരെ വരാൻ കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി നടപടിയെടുക്കുമെന്ന് പറഞ്ഞാലും, ഇനിയും രണ്ടോ, മൂന്നോ കൊല്ലം പിടിച്ചേക്കും. അടിയന്തിരമായി ഇത്തരം ഘട്ടത്തിൽ പലപ്പോഴും അവിടെ ലോറികൾ വഴി വെള്ളം എത്തിക്കാറുണ്ട്. അപ്രകാരം ലോറികൾവഴി വെള്ളം എത്തിക്കുന്നതിനുവേണ്ട പണം കിട്ടുന്നില്ലെന്നാണ് ജില്ലാ കളക്ടർ പറയുന്നത്. ഒരാഴ്ചക്കാലം ചെല്ലാനത്ത് ലോറിയിൽവഴി വെള്ളം കൊടുത്തു. ഇപ്പോൾ തുടർന്ന് വെള്ളം കൊടുക്കാൻ നിവൃത്തിയില്ലെന്ന് പറയുന്നു. കുമ്പളങ്ങിയിലാണെങ്കിൽ ഒരു തുള്ളി വെള്ളം പോലും കിട്ടാത്ത പൈപ്പുകളുണ്ട്. ആ പ്രദേശങ്ങളിൽ ഡിസൻട്രി വ്യാപിച്ചതായി പത്രങ്ങളിലൊക്കെ വാർത്തകളും വന്നതാണ്. ഇപ്രകാരം ഡിസൻട്രി വ്യാപിച്ചിരിക്കുന്ന ചെല്ലാനത്തും, കുമ്പളങ്ങിയിലും, ചേപ്പാനം ചാത്തുമ്മ ഭാഗത്തും അടിയന്തിരമായിട്ട് ലോറി വഴിയെങ്കിലും വെള്ളം എത്തിക്കാനുള്ള നടപടികളെടുക്കണം. മറ്റ് രീതിയിലുള്ള നടപടികൾക്ക് കാലതാമസം വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly